➪ *മൂന്ന് തരത്തിലുള്ള ധാരകളുടെ ഒരു സംയോഗം സമിതിയുടെ ആദ്യകാല പ്രവർ ത്തനങ്ങളിൽ കാണാം* ➪

# ജൈവകൃഷിയല്ല, ജൈവജീവിതമാണ് സന്ദേശം

1992 ൽ രൂപീകൃതമായ കേരള സംസ്ഥാന ജൈവകർഷക സമിതി ഇന്ന് കേരളത്തിലെമ്പാടും യൂണിറ്റുകളുള്ള ജൈവകർഷകരുടെ ഒരു കൂട്ടായ്മയാണ്. കൂട്ടായ്മ എന്നതിൽ ഉപരി കൃഷിയുടെയും പരിസ്ഥിതിയുടെയും ആരോഗ്യത്തിന്റെയും സംരക്ഷണത്തിനായി ബഹുതല സ്പർശിയായ പ്രവർത്തനങ്ങൾ നടത്തുന്ന ഒരു സംഘടന കൂടിയാണ് ജൈവകർഷക സമിതി. ജൈവകൃഷി ചെയ്യുക മാത്രമല്ല, ജൈവജീവിതം എന്ന കാഴ്ച്ചപ്പാട് പ്രചരിപ്പിക്കുക കൂടിയാണ് സമിതിയുടെ ലക്ഷ്യം. അത്തരത്തിൽ സമിതിയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് നേതൃത്വം നൽകുന്ന സംസ്ഥാന സെക്രട്ടറി സംസാരിക്കുന്നു.

**വി. അശോക് കുമാർ**

**ജൈവകൃഷി ചെയ്യുന്ന കർഷകരുടെ ഒരു സംസ്ഥാനതല കൂട്ടായ്മ എന്ന നിലയിലാണല്ലോ കേരള ജൈവകർഷക സമിതി നിലവിൽ വരുന്നത്. കർഷകർക്ക് പരസ്പരം ആശയങ്ങൾ കൈമാറുന്നതിനും വിത്തുകൾ കൈമാറുന്നതിനും എല്ലാമുള്ള ഒരു പൊതുവേദിയായി സമിതി ആദ്യനാളുകളിൽ നിലകൊണ്ടു. എന്നാൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ജൈവകൃഷിയുമായി ബന്ധപ്പെട്ട ഒട്ടേറെക്കാര്യങ്ങളിൽ ഇടപെടുന്ന ഒരു സംഘടനയായി സമിതിയുടെ പ്രവർത്തനങ്ങൾ വിപുലമായിരിക്കുകയാണല്ലോ. നിർമ്മാണാത്മക പ്രവർത്തനങ്ങളും പ്രചാരണങ്ങളും സമരങ്ങളും വിപണനമേളകളും എല്ലാം കോർത്തിണക്കുന്ന ബഹുതല സ്പർശിയായ പ്രവർത്തനങ്ങൾ. ജൈവകർഷക സമിതിയുടെ ഈ വളർച്ചയെ താങ്കൾ എങ്ങനെയാണ് നോക്കിക്കാണുന്നത്?**

ജൈവകർഷ സമിതിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ബഹുതല സ്പർശിയായി മാറിയിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. ജൈവകൃഷി ചെയ്യുന്ന കർഷകരുടെ കൂട്ടായ്മ എന്നതരത്തിലായിരുന്നു സമിതിയുടെ ആദ്യകാല പ്രവർത്തനങ്ങൾ. മൂന്ന് തരത്തിലുള്ള ധാരകളുടെ ഒരു സംയോഗം സമിതിയുടെ ആദ്യകാല പ്രവർത്തനങ്ങളിൽ കാണാം. 1992ൽ സമിതി രൂപീകരിക്കപ്പെടുന്ന കാലം നോക്കാം. മൂന്ന് മഹാരഥന്മാരായിരുന്നു അന്ന് അതിന്റെ മുൻനിരയിലുണ്ടായിരുന്നത്. ഒന്ന്, ജോൺസി ജേക്കബ്. അദ്ദേഹം തികഞ്ഞ പരിസ്ഥിതി വാദിയായിരുന്നു. അദ്ദേഹത്തിന്റെ പാരിസ്ഥിതിക ദർശനമായിരുന്നു സമിതിയുടെ പ്രവർത്തനങ്ങളെ സ്വാധീനിച്ച ഒരു ധാര. രണ്ടാമത്തെയാൾ സി.ആർ.ആർ. വർമ്മ ആയിരുന്നു. അദ്ദേഹം പ്രകൃതിജീവന പ്രചാരകനായിരുന്നു. ആരോഗ്യത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണങ്ങളാണ് സമിതിയെ സ്വാധീനിച്ച മറ്റൊരു ആശയധാര. മൂന്നാമത്തെയാൾ കെ.വി. ദയാൽ ആയിരുന്നു. ജൈവകൃഷി പ്രായോഗികമായി ചെയ്തിരുന്ന ഒരു കർഷകനായിരുന്നു അദ്ദേഹം. കൃഷിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സങ്കൽപ്പങ്ങളും സമിതിയെ സ്വാധീനിച്ചിട്ടുണ്ട്. ഈ മൂന്ന് വ്യക്തിത്വങ്ങളും പ്രതിനിധീകരിച്ചിരുന്ന വ്യത്യസ്ത മേഖലകളാണ് ജൈവകർഷക സമിതിയുടെ അടിത്തറയായി മാറിയത്. 1992 ഡിസംബറിൽ എറണാകുളം ജില്ലയിലെ കാലടിയിൽ വച്ച് ജൈവകർഷ സമിതി ഔദ്യോഗികമായി രൂപീകരിക്കപ്പെടുമ്പോൾ പരിസ്ഥിതി, ആരോഗ്യം, കൃഷി എന്നീ മേഖലകൾ സംയോജിക്കുന്ന ഒരു കൂട്ടായ്മ പിറക്കുകയായിരുന്നു. സമിതിയുടെ ആദ്യകാല പ്രവർത്തനങ്ങളിൽ പലതരത്തിലുള്ള




പരിമിതികളും ഉണ്ടായിരുന്നെങ്കിലും ഈ മൂന്ന് മേഖലകളും സംയോജിക്കപ്പെട്ടുണ്ടായ ആശയപരമായ അടിത്തറ വളരെ കരുത്തുറ്റതായിരുന്നു. ഒരുപരിധി വരെ വ്യക്തിനിഷ്ഠമായ പ്രവർത്തനങ്ങളായിരുന്നു ആദ്യകാലത്ത് ഉണ്ടായിരുന്നത് എന്നതാണ് സമിതിയുടെ പ്രധാന പരിമിതി. ചോദ്യത്തിൽ പറഞ്ഞതുപോലെ, ജൈവകൃഷി ചെയ്യുന്ന കുറച്ച് കർഷകർ പരസ്പരം അറിവുകൾ കൈമാറുന്ന ഒരു വേദിയായി മാത്രമാണ് സമിതി അക്കാലത്ത് നിലനിന്നിരുന്നത്. വ്യക്തിഗതമായ പരിഗണനകളെ മുൻനിർത്തിയാണ് കർഷകർ സമിതിയുമായി ബന്ധപ്പെട്ടിരുന്നത്. ജൈവകൃഷിക്ക് മാത്രമല്ല, പ്രകൃതി ജീവനത്തിനും അത്തരത്തിലുള്ള ഒരു കാഴ്ചപ്പാട് അന്നുണ്ടായിരുന്നു. "എനിക്ക് നല്ല ആരോഗ്യം ഉണ്ടാകണം, അതിന് എനിക്ക് നല്ല ഭക്ഷണം കഴിക്കാൻ കഴിയണം" എന്ന തരത്തിലായിരുന്നു പലരും ചിന്തിച്ചിരുന്നത്. അതുകൊണ്ടുതന്നെ ജൈവകൃഷി ചെയ്യുക എന്നതിനെ എനിക്ക് നല്ല ഭക്ഷണം കഴിച്ച്, ആരോഗ്യത്തോടെ ജീവിക്കുന്നതിനുള്ള ഒരു മാർഗ്ഗമായാണ് സമിതിയിലുള്ള മിക്കവരും കണ്ടിരുന്നത്. കുറച്ചുകൂടി വിമർശനാത്മകമായി പറയുകയാണെങ്കിൽ വ്യക്തിതാത്പര്യങ്ങൾ മാത്രമുള്ള ഒരു മധ്യവർഗ്ഗ കൂട്ടായ്മയായിട്ടാണ് സമിതി ആദ്യകാലങ്ങളിൽ നിലനിന്നിരുന്നത്. സ്വയം പരീക്ഷണത്തിൽ ഏർപ്പെടാൻ താത്പര്യപ്പെടുന്ന ഒരു മധ്യവർഗ്ഗ ആത്മരതിയുടെ അംശങ്ങൾ നമുക്ക് അക്കാലത്തെ ഇടപെടലുകളിൽ കാണാൻ കഴിയും. അതൊരു വിമർശനമായി ഉന്നയിക്കുമ്പോൾത്തന്നെ ജൈവകൃഷിയിൽ ഏർപ്പെട്ടിരുന്ന കർഷകരുടെ ജീവിതം ഒരു നിർമ്മാണാത്മകമായ ബദൽ ആയിരുന്നു. നിലനിൽക്കുന്ന അധിനിവേശ കാർഷിക ശൈലിക്കെതിരായ നിർമ്മാണാത്മകമായ ഒരു ചെറുത്തുനിൽപ്പ് ജൈവകൃഷിയിൽ കാണാം. അധിനിവേശ ചികിത്സാ വ്യവസ്ഥയ്ക്കെതിരായ നിർമ്മാണാത്മകമായ സ്വഭാവം പ്രകൃതി ചികിത്സയ്ക്കുണ്ടായിരുന്നു.

20 വർഷം പിന്നിട്ട്, 2012 ആകുമ്പോഴേക്കും ജൈവകർഷക സമിതി ഇത്തരം വ്യക്തിനിഷ്ഠമായ പ്രവർത്തനരീതിയെ മറികടക്കാൻ തുടങ്ങിയിരുന്നു. ജൈവകൃഷിയുടെ രാഷ്ട്രീയവശങ്ങളെ എങ്ങനെ സാമൂഹികവത്കരിക്കാം എന്ന അന്വേഷണത്തിലേക്കും പ്രവർത്തനങ്ങളിലേക്കും സമിതി എത്തിച്ചേർന്നു. എന്റെ മനസ്സിലാക്കലിൽ അതിന് നിദാനമായ സംഭവം ബി.ടി വഴുതനയ്ക്കെതിരായി ദേശീയതലത്തിൽ നടന്ന സമരമാണ്. ആ സമരം വ്യക്തിനിഷ്ഠമായ ജൈവകൃഷിയുടെ പ്രയോക്താക്കൾക്ക് ചില പാഠങ്ങൾ പകർന്നു നൽകി. ജനിതകമാറ്റം വരുത്തിയ വിളകൾ വ്യാപകമായാൽ ജൈവകൃഷി ചെയ്യുന്ന ഒരു കർഷകന് സ്വന്തം കൃഷിയിടത്തിൽ നാടൻ വിത്തുകളെ സംരക്ഷിക്കാൻ കഴിയില്ല എന്ന സ്ഥിതിവിശേഷം സംജാതമാകുമെന്ന് പലരും തിരിച്ചറിയാൻ തുടങ്ങി. ജനിതകമാറ്റം വരുത്തിയ വിളകൾ അടുത്ത സ്ഥലങ്ങളിൽ കൃഷി ചെയ്യുകയാണെങ്കിൽ ജൈവകൃഷി ചെയ്യുന്ന കർഷകന്റെ കൃഷിയിടത്തേയും അത് പ്രതികൂലമായി ബാധിക്കും. ജൈവകൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യം വന്നുചേരും. വ്യക്തിതലത്തിൽ നിന്നുകൊണ്ടുള്ള ചെറുത്തുനിൽപ്പുകളുടെ പരിമിതി ബോധ്യപ്പെടുത്തുന്ന ഒരു സന്ദർഭമായിരുന്നു അത്. കുറേക്കൂടി സാമൂഹികമായ സംഘടനാരൂപത്തിലേക്ക് മാറേണ്ടതുണ്ട് എന്ന ബോധ്യം ജൈവകർഷക സമിതിക്ക് നൽകുന്നതിൽ ജി.എം വിളകൾക്കെതിരായ വലിയ സമരങ്ങൾ ഒരു കാരണമായിട്ടുണ്ട്. 2010ൽ അന്നത്തെ പരിസ്ഥിതി മന്ത്രി ജയറാം രമേശ് ബി.ടി വഴുതനയ്ക്കെതിരായി രാജ്യമെമ്പാടും ഒരു റഫറണ്ടം വിളിച്ചുചേർക്കുകയുണ്ടായി. ദക്ഷിണേന്ത്യയിൽ റഫറണ്ടം നടന്നത് ബാംഗ്ലൂരിൽ വച്ചായിരുന്നു. ബാംഗ്ലൂരിലെ റഫറണ്ടത്തിന്റെ സംഘാടനത്തിൽ ജൈവകർഷക സമിതിയും പങ്കാളിയായിരുന്നു. സമിതിയെ സംബന്ധിച്ച് അത് ഒരു പുതിയ ചുവടുവയ്പ്പായിരുന്നു. 1992 മുതൽ പ്രസിദ്ധീകരിക്കുന്ന സമിതിയുടെ മുഖപ്രസിദ്ധീകരണമായ 'ഒരേ ഭൂമി ഒരേ ജീവൻ' വായിച്ചാൽ തുടക്കം മുതൽ ഇത്തരം വിഷയങ്ങളിലെല്ലാം സമിതി കൃത്യമായ രാഷ്ട്രീയ നിലപാട് സ്വീകരിച്ചിരുന്നതായി കാണാൻ കഴിയും. എങ്കിലും കൃഷിയെ സംബന്ധിച്ച ഒരു സാമൂഹ്യപ്രശ്നത്തിൽ വളരെ സജീവമായി ഇടപെടാനും സമരത്തിൽ പങ്കെടുക്കാനും കഴിയുന്നതരത്തിൽ സംഘടനയിൽ മാറ്റം വരുന്നത് കഴിഞ്ഞ 10 വർഷത്തിനിടയിലാണ്.

**വ്യക്തമായ ഒരു സംഘടനാ സംവിധാനം ജൈവകർഷക സമിതിക്ക് ഉണ്ടാകണം എന്ന ആവശ്യം ജൈവകർഷകരുട ഇടയിൽ നിന്നുതന്നെ രൂപപ്പെട്ടുവന്നതാണോ?**

അതെ, കൂട്ടായ്മ ശൈലിയിൽ നിന്നും മാറി വ്യക്തമായ ഒരു സംഘടനാ സംവിധാനം ഉണ്ടാകണം ആവശ്യം 2013 മുതൽ സമിതിയിൽ ശക്തമാകു

ന്നുണ്ട്. അതിനായി ആ വർഷം കടമ്പഴിപ്പുറം എന്ന സ്ഥലത്ത് വച്ച് ഒരു ക്യാമ്പ് സംഘടിപ്പിക്കുകയും സമിതിയുടെ പ്രവർത്തനങ്ങളിൽ എത്തരത്തിലുള്ള മാറ്റമാണ് കൊണ്ടുവരേണ്ടത് എന്ന് ചർച്ച ചെയ്യുകയും ചെയ്തു. ജൈവകർഷക സമിതിയുടെ പരിസ്ഥിതി നയം എന്താണ്, ജൈവകൃഷിയെക്കുറിച്ച് സംഘടന പുലർത്തേണ്ട കാഴ്ച്ചപ്പാട് എന്താണ്, രാഷ്ട്രീയ പാർട്ടികളോട് സ്വീകരിക്കേണ്ട സമീപനം എന്താണ് എന്നെല്ലാമുള്ള രേഖകൾ തയ്യാറാക്കി ക്യാമ്പിൽ അവതരിപ്പിക്കുകയും ചർച്ചകളിലൂടെ പരിഷ്കരിക്കുകയും ചെയ്തു. തുടർന്ന് 2015ൽ ആണ് സമിതിക്ക് ഒരു ഭരണഘടന ഉണ്ടായിവരുന്നത്. ആ ശ്രമങ്ങൾക്ക് ശേഷമാണ് സമിതി ജനങ്ങളിലേക്ക് കൂടുതൽ ഇറങ്ങിവരാൻ തുടങ്ങുന്നത്. 2015ൽ കാസർഗോഡ് നിന്നും തിരുവനന്തപുരത്തേക്ക് ഒരു ജൈവജീവിത സന്ദേശ യാത്ര സമിതി നടത്തുന്നു. ജൈവകൃഷി മാത്രമല്ല, പരിസ്ഥിതിയും ആരോഗ്യവും എല്ലാം കോർത്തിണക്കുന്ന ജൈവ ജീവിതം എന്നതാണ് സമിതി മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാട്

കേരളത്തിലെ പരിസ്ഥിതി പ്രസ്ഥാനങ്ങൾക്ക് പലതിനും എൻ.ജി.ഒ പ്രവർത്തന ശൈലി ഉണ്ട്. സ്ഥാപനവത്കൃതമായ ഒരു ശൈലിയിലാണ് പല പ്രസ്ഥാനങ്ങളും പ്രവർത്തിക്കുന്നത്. കേരള ജൈവ കർഷക സമിതിയിലും ഒരു പരിധിവരെ ആ ശൈലി കാണാൻ കഴിയും. അതിൽ നിന്നും മാറി കുറേക്കൂടി ജനകീയവും ജനാധിപത്യപരവുമായ ശൈലിയിലേക്ക് കഴിഞ്ഞ കുറച്ച് വർഷങ്ങളായി ജൈവകർഷക സമിതി എത്തിയിട്ടുണ്ട്. പഞ്ചായത്തുകളിലും താലൂക്കുകളിലും ജില്ലകളിലും ഇപ്പോൾ സമിതിക്ക് യൂണിറ്റുകളുണ്ട്.

എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുകയായിരുന്നു യാത്രയുടെ ലക്ഷ്യം. 'ജൈവകൃഷിയിലൂടെ ജൈവ ജീവിതത്തിലേക്ക്' എന്നതായിരുന്നു യാത്രയുടെ സന്ദേശം. ജൈവജീവിതം എന്ന സങ്കൽപ്പം എന്താണ് എന്നത് വളരെ വ്യക്തമായി കേരള സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നത് ജൈവകർഷക സമിതിയാണ്. ആശയപരമായ ഒരുപാട് സമരങ്ങൾ സംഘടനയ്ക്കുള്ളിൽ തന്നെ നടന്നതിന് ശേഷമാണ് ഈ കാഴ്ച്ചപ്പാട് രൂപപ്പെട്ടുവന്നത്. അതുവരെ ജൈവകർഷക സമിതി മുന്നോട്ടുപോയിരുന്നത് ട്രെഡ്മില്ലിൽ ഓടിയിരുന്നതുപോലെയാണ്. നമ്മൾ നന്നായി ഒടുകയും വിയർക്കുകയും ചെയ്യുന്നു, പക്ഷെ നിന്ന സ്ഥലത്ത് തന്നെ നിൽക്കുകയും ചെയ്യുന്നു എന്നതായിരുന്നു സമിതിയുടെ അവസ്ഥ. സമിതി മുന്നോട്ടുവച്ചിരുന്ന ആശയങ്ങൾ കുറച്ച് കർഷകർക്കിടയിൽ മാത്രം ചുറ്റിത്തിരിയുകയായിരുന്നു. ആ ശൈലിയാണ് വലിയരീതിയിൽ തിരുത്തപ്പെട്ടത്. സമിതി ഇപ്പോൾ നന്നായി ഓടുന്നുണ്ട്, വിയർക്കുന്നുണ്ട്, ഏറെ മുന്നോട്ടുപോകുന്നുമുണ്ട്.

**ജൈവകൃഷി എന്നതിലാണ് സമിതിയുടെ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നതെങ്കിലും മാഷ് ആദ്യം സൂചിപ്പിച്ചതുപോലെ പരിസ്ഥിതി പരിപാലനം, ആരോഗ്യ സംരക്ഷണം എന്നീ രണ്ട് മേഖലകൾക്കും സമിതിയുടെ പ്രവർത്തനങ്ങൾ വളരെയേറെ പ്രധാന്യം കൊടുക്കുന്നതായി കാണാം. പ്രത്യേകിച്ച് വളരെ ജനകീയമായ രീതിയിൽ, ഉപജീവനവുമായി ബന്ധപ്പെടുത്തി തന്നെയാണ് സമിതി അത് പ്രാവർത്തികമാക്കുന്നത്. കേരളത്തിൽ നിരവധി പരിസ്ഥിതി പ്രസ്ഥാനങ്ങൾ ഉണ്ടെങ്കിലും ആ പ്രസ്ഥാനങ്ങൾക്കൊന്നും സാധ്യമാകാത്ത ഒരു വഴിയിലാണ് സമിതി ഉള്ളത് എന്ന് വിലയിരുത്താം, അല്ലേ?**

കേരളത്തിലെ പരിസ്ഥിതി പ്രസ്ഥാനങ്ങൾക്ക് പലതിനും എൻ.ജി.ഒ പ്രവർത്തന ശൈലി ഉണ്ട്. സ്ഥാപനവത്കൃതമായ ഒരു ശൈലിയിലാണ് പല പ്രസ്ഥാനങ്ങളും പ്രവർത്തിക്കുന്നത്. കേരള ജൈവകർഷക സമിതിയിലും ഒരു പരിധിവരെ ആ ശൈലി കാണാൻ കഴിയും. അതിൽ നിന്നും മാറി കുറേക്കൂടി ജനകീയവും ജനാധിപത്യപരവുമായ ശൈലിയിലേക്ക് കഴിഞ്ഞ കുറച്ച് വർഷങ്ങളായി ജൈവകർഷക സമിതി എത്തിയിട്ടുണ്ട്. പഞ്ചായത്തുകളിലും താലൂക്കുകളിലും ജില്ലകളിലും ഇപ്പോൾ സമിതിക്ക് യൂണിറ്റുകളുണ്ട്. ഇത് ഒരു പുതിയ ലക്ഷ്യമായിരുന്നില്ല. ജോൺസി ജേക്കബ് വളരെ വർഷങ്ങൾക്ക് മുമ്പ് 'ഒരേ ഭൂമി ഒരേ ജീവൻ' മാസികയിൽ എഴുതിയ നിലനിൽപ്പിന്റെ മാനിഫെസ്റ്റോ എന്ന ലേഖനത്തിൽ ഈ രൂപത്തിലുള്ള ഒരു ലക്ഷ്യത്തെക്കുറിച്ച് പറയുന്നുണ്ട്. പക്ഷെ 20 വർഷങ്ങൾ കഴിഞ്ഞ്, 2012ന് ശേഷമാണ് അദ്ദേഹത്തിന്റെ ആ കാഴ്ചപ്പാട് യാഥാർത്ഥ്യമാകാൻ തുടങ്ങുന്നത്. കേവല പരിസ്ഥിതി വാദത്തിൽ നിന്നും ഒരു വിടുതൽ ആ രീതിയിൽ ജൈവകർഷക സമിതിക്ക് ഉണ്ടാകുന്നുണ്ട്. സമിതിയുടെ ഘടനയും പ്രവർത്തനങ്ങളും വിപുലമായതോടെ പരിസ്ഥിതിയെ ജനങ്ങളുടെ ഉപജീവനവും നിലനിൽപ്പുമായി ബന്ധപ്പെടുത്തി പറയുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടു. കൃഷിയുടെ ജൈവവത്കരണം പരിസ്ഥിതി സംരക്ഷണത്തിന്റെ അടിത്തറയാണല്ലോ. ഈ ഒരു ആശയവ്യക്തതയിൽ നിന്നാണ് ജൈവകർഷക സമിതി പല പ്രത്യക്ഷ സമരങ്ങളും നടത്തിയത്. വയൽ നികത്തലിനെതിരായ വയൽ സംരക്ഷണ സമരം ആയിരുന്നു അതിൽ പ്രധാനം. കൃഷിഭൂമി നിലനിൽക്കുന്നില്ലെങ്കിൽ ജൈവകൃഷി ചെയ്യാൻ കഴിയില്ല എന്ന യാഥാർത്ഥ്യം മുൻനിർത്തിയാണ് വയൽ നികത്തലിനെതിരായ സമ



ജൈവകർഷക സമിതിയുടെ പ്രദർശനങ്ങൾ



ജൈവകർഷക സമിതിയുടെ ഓണച്ചന്ത

രത്തിൽ സമിതി ഇടപെടുന്നത്. രണ്ട് തവണ സെക്രട്ടേറിയറ്റിന് മുന്നിൽ സമിതിയുടെ ആഭിമുഖ്യത്തിൽ സമരപരിപാടികൾ നടന്നു. സമരം മാത്രമല്ല, ബഹുതല സ്പർശിയായ ഒട്ടേറെ പ്രവർത്തനങ്ങൾ 2012ന് ശേഷം സമിതിയുടെ മുൻകൈയിൽ നടക്കുകയുണ്ടായി. നമ്മുടെ നാട്ടിലെ കാർഷിക പാരമ്പര്യങ്ങൾ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളായിരുന്നു അതിലൊന്ന്. ഞാറ്റുവേലയുടെ പ്രാധാന്യം ബോധ്യപ്പെടുത്താൻ തിരുവാതിര ഞാറ്റുവേല സമയത്ത് കേരളത്തിന്റെ പല ഭാഗങ്ങളിലും കാർഷിക ഉത്പന്നങ്ങളുടെ പ്രദർശനം നടത്തിയിരുന്നു. വലിയ രീതിയിൽ ജനശ്രദ്ധ ആകർഷിക്കാൻ കഴിഞ്ഞ ഒരു പരിപാടിയായിരുന്നു അത്. അതുപോലെ പങ്കാളിത്തമുണ്ടായ മറ്റൊരു പരിപാടിയായിരുന്നു ഇലക്കറിമേള. കൃഷി ചെയ്യാതെ തന്നെ നമ്മുടെ പറമ്പുകളിൽ വന്യമായി വളരുന്ന ഇലക്കറികൾ ഉപയോഗപ്പെടുത്തി എങ്ങനെ ഭക്ഷ്യവിഭവങ്ങളുണ്ടാക്കാം എന്ന പ്രചരണമായിരുന്നു പരിപാടിയിലൂടെ ഉദ്ദേശിക്കപ്പെട്ടത്. കേരളത്തിലെമ്പാടും ഇലക്കറി മേളകൾ നടത്തപ്പെടുകയും പലതരത്തിലുള്ള വിഭവങ്ങൾ ഇലകൾ ഉപയോഗിച്ച് തയ്യാറാക്കപ്പെടുകയും ചെയ്തു. പഞ്ചായത്ത് തലത്തിലെ ജനപ്രതിനിധികളുടെയും ഗ്രാമീണരുടെയും പങ്കാളിത്തം മേളയെ സമ്പന്നമാക്കി. ജൈവവൈവിധ്യ സംരക്ഷണത്തിന്റെയും ആരോഗ്യപരിപാലനത്തിന്റെയും പ്രാധാന്യം ജനങ്ങൾക്ക് ബോധ്യപ്പെടുത്തുന്നതരത്തിലായിരുന്നു പരിപാടി രൂപകല്പന ചെയ്തിരുന്നത്. 'വിഷവിമുക്ത വീട്' എന്ന പേരിലുള്ള ഒരു ക്യാമ്പയിൻ ആണ് പിന്നീട് നടന്നത്. അത് ഇപ്പോഴും തുടരുന്നുണ്ട്. വീട്ടിലുണ്ടാക്കുന്ന ഭക്ഷണം പൂർണ്ണമായും വിഷരഹിതമാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. അങ്ങനെ ജനതയുടെയും പരിസ്ഥിതിയുടെയും ആരോഗ്യത്തെ സംരക്ഷിക്കുന്നതിനായുള്ള നിരവധി പ്രവർത്തനങ്ങളിലേക്ക് ജൈവകർഷക സമിതി വികസിച്ചു.

**സംഘടന എന്ന നിലയിൽ സമിതിയുടെ പ്രവർത്തനങ്ങൾ ഏറെ മുന്നോട്ടുപോയിട്ടുണ്ടെങ്കിലും സർക്കാർ തലത്തിൽ കൃഷിയുമായി ബന്ധപ്പെട്ട് ഇപ്പോഴും നിലനിൽക്കുന്ന പ്രബലമായ കാഴ്ച്ചപ്പാട് ഹരിതവിപ്ലവത്തിന്റെ തുടർച്ചകളാണല്ലോ. കൃഷി വകുപ്പും കാർഷിക യൂണിവേഴ്സിറ്റികളും ശാസ്ത്രജ്ഞന്മാരും ഉദ്യോഗസ്ഥരുമെല്ലാം ഇന്നും പിന്തുടരുന്നതും പ്രചരിപ്പിക്കുന്നതും ഹരിത വിപ്ലവത്തിന്റെ സൃഷ്ടിയായ നാശോന്മുഖമായ കൃഷിരീതികളാണ്. കൃഷിയെ ഔദ്യോഗികമായി ഭരിച്ചുകൊണ്ടിരിക്കുന്ന ഈ കാഴ്ച്ചപ്പാടിനെ തിരുത്താൻ സമിതിക്ക് എത്രത്തോളം കഴിഞ്ഞിട്ടുണ്ട്?**

ഹരിത വിപ്ലവം സംഭാവന ചെയ്ത കാഴ്ച്ചപ്പാടുകളും സ്ഥാപനങ്ങളും തന്നെയാണ് ഇപ്പോഴും കൃഷി വകുപ്പിന് നേതൃത്വം നൽകുന്നത് എന്നത് ശരിയാണ്. പക്ഷെ, ആ കാഴ്ച്ചപ്പാടുകൾക്ക് തിരിച്ചടികളുണ്ടാവുകയും മാറ്റമുണ്ടാവുകയും ചെയ്യുന്ന കാലം കൂടിയാണിത്. ജൈവരീതിയിൽ നാടൻ നെൽവിത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് കേരളം മുമ്പ് സബ്സിഡി നൽകിയിരുന്നില്ല. പക്ഷെ ഇപ്പോൾ നാടൻ നെൽവിത്ത് കൃഷി ചെയ്യുന്ന കർഷകർക്കും സബ്സിഡി ഉറപ്പാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അത് ഒരു ശ്രദ്ധേയമായ മാറ്റമാണ്. സർക്കാർ ഇപ്പോഴും കൃഷി ഭവനുകൾ വഴി കൊടുത്തുകൊണ്ടിരിക്കുന്നത് ഹരിത വിപ്ലവത്തിന്റെ സൃഷ്ടികളായ യൂണിവേഴ്സിറ്റികളിൽ നിന്നും വരുന്ന സങ്കരയിനം വിത്തുകളാണ്. അതിലും കുറച്ചെല്ലാം മാറ്റം വരു

ന്നുണ്ട്. ജൈവകർഷകരുടെ കൈയിൽ നിന്നും നാടൻ വിത്തുകൾ വാങ്ങുകയും ഈ വിത്തുകൾ ആവശ്യക്കാരായ കർഷകർക്ക് കൊടുക്കുയും ചെയ്യുന്നുണ്ട് ഇപ്പോൾ. ജൈവകർഷക സമിതിയുടെ ഇടപെടലിലൂടെയാണ് ഇത് സാധ്യമായത്. യൂണിവേഴ്സിറ്റി തലത്തിൽ ജൈവകൃഷിയെ മനസ്സു കൊണ്ട് ഏറ്റെടുത്തിരിക്കുന്ന ഗവേഷകർ ഇന്ന് നിരവധിയുണ്ട്. സിലബസുകൾ മാറിയിട്ടില്ലെങ്കിലും ഗവേഷകരുടെയും അദ്ധ്യാപകരുടെയും സമീപനത്തിൽ മാറ്റമുണ്ട്. അതുപോലെ തന്നെ നിരവധി കൃഷി ഓഫീസർമാരുടെയും അസിസ്റ്റന്റ്മാരുടെയും കാഴ്ച്ചപ്പാടുകളിലും മാറ്റമുണ്ടായിട്ടുണ്ട്. അതാത് പ്രദേശങ്ങളിലുള്ള ജൈവകർഷകരുമായി നേരിട്ട് സംവദിച്ച് പലതും മനസ്സിലാക്കാൻ അവർ സന്നദ്ധമാകുന്നുണ്ട്. മുകൾത്തട്ടിൽ ഇരിക്കുന്ന ഉദ്യോഗസ്ഥർക്ക് അത്തരം അവസരങ്ങൾ ഇല്ലാത്തതിനാൽ ആകാം, അവർ ഇപ്പോഴും ഹരിതവിപ്ലവത്തിന്റെ വായ്ത്താരികൾ ഏറ്റുപാടിക്കൊണ്ടിരിക്കുകയാണ്. കുറേ ഉദ്യോഗസ്ഥർ അത്തരത്തിൽ ഉണ്ടെങ്കിലും ജൈവകർഷകരുടെ അറിവുകൾ പ്രധാനമാണെന്ന് കൃഷി വകുപ്പ് തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്. അത്തരത്തിലുള്ള ഒരു തിരിച്ചറിവ് രൂപപ്പെടുത്തുന്നതിൽ കേരള ജൈവ കർഷക സമിതിക്ക് ഒരു നിർണ്ണായക പങ്കുണ്ട്.

**ജൈവകൃഷി സംരക്ഷിക്കുന്നതിനായി സമിതി ഒരുവശത്ത് നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റൊരുവശത്ത് പരിസ്ഥിതിയേയും ആരോഗ്യത്തേയും നശിപ്പിക്കുന്നതരത്തിലുള്ള വികസന വേഗതയും ഉപഭോഗത്വരയും നാടു നശിപ്പിച്ചുകൊണ്ടിരിക്കുയാണ്. ഇതിനെ പ്രതിരോധിക്കാതെ നിർമ്മാണാത്മക പ്രവർത്തനങ്ങളുമായി മാത്രം മുന്നോട്ടുപോകാൻ കഴിയാത്ത ഒരു സ്ഥിതിയല്ലേ നിലവിലുള്ളത്?**

ജൈവകൃഷിയിലൂടെ ജൈവജീവിതത്തിലേക്ക് എന്ന മുദ്രാവാക്യത്തിന്റെ അകക്കാമ്പ് തന്നെ ഇന്നത്തെ വികസന കാഴ്ച്ചപ്പാടും അതിന്റെ ഭാഗമായ ഉപഭോഗത്വരയും സൃഷ്ടിച്ചിരിക്കുന്ന ഒരു ജീവിതക്രമത്തെ തള്ളിക്കളയുന്ന ഒന്നായിരുന്നു. ലളിതവും പരിസ്ഥിതി സൗഹൃദപരവുമായ ഒരു ജീവിതശൈലിയാണ് സമിതി മുന്നോട്ടുവയ്ക്കുന്നത്. വിഷവിമുക്ത വീട് എന്ന സമിതിയുടെ പ്രോഗ്രാമിന്റെ ലക്ഷ്യം അതായിരുന്നു. വിഷ വിമുക്ത വീടിലൂടെ സൃഷ്ടിക്കാൻ ശ്രമിച്ചത് ഉത്തരവാദിത്തമുള്ള ഉപഭോക്താക്കളെയാണ്. പ്രദേശികമായ ഉത്പാദനം, പ്രാദേശികമായ ഉപഭോഗം അതാണ് ജൈവകർഷക സമിതി ലക്ഷ്യമാക്കുന്നത്. ജൈവോത്പന്നങ്ങളുണ്ടാക്കി കയറ്റുമതി ചെയ്ത് പണം സമ്പാദിക്കുക എന്നതല്ല സമിതിയുടെ ലക്ഷ്യം. പ്രാദേശികമായ ആവശ്യങ്ങൾ എന്താണെന്ന് മനസ്സിലാക്കി, അതിനനുസരിച്ചുള്ള ഉത്പാദനമാണ് നടത്തേണ്ടത്. നിലനിൽക്കുന്ന ഉപഭോഗത്വരയെ തൃപ്തിപ്പെടുത്തുന്നതിനല്ല സമിതി ശ്രമിക്കേണ്ടത്. ഒരു ബദൽ ഉപഭോഗക്രമം രൂപപ്പെടുത്തിയെടുക്കുകയാണ് വേണ്ടത്. കൊക്കോയും ഏലവും കുരുമുളകുമെല്ലാം ജൈവരീതിയിൽ ഉത്പാദിപ്പിച്ച് കയറ്റിയയ്ക്കാൻ കഴിയും. അപ്പോഴും നമ്മുടെ നാട്ടിലെ ജനങ്ങൾ വിഷം തിന്നും. ആഭ്യന്തരമായ ഭക്ഷ്യസ്വയംപര്യാപ്തത എന്നതാകണം വികസനത്തിന്റെ ലക്ഷ്യം. മാർക്കറ്റിനെ മാത്രം ലക്ഷ്യമാക്കുന്ന ഉത്പാദന-ഉപഭോഗ സമ്പ്രദായം വിനാശകരമാണ്. രാസവളത്തിന് പകരം ജൈവവളമിടുന്ന ഒരു കൃഷി രീതിയായല്ല ജൈവകർഷക സമിതി ജൈവകൃഷിയെ കാണുന്നത്. ജൈവകൃഷി ചെയ്യുക എന്നത് മറ്റൊരു ജീവതക്രമമാണ്. ഉത്പാദനം മുതൽ ഉപഭോഗം വരെ നീണ്ടുകിടക്കുന്ന ആസൂത്രിതമായ അനേകം ചൂഷണങ്ങളുണ്ട്. ആ ചൂഷണങ്ങളുടെ ചങ്ങലകളെ പൊട്ടിച്ചെറിയുക എന്നതിനാണ് സമിതി പ്രാധാന്യം നൽകുന്നത്. ജൈവകൃഷി ചെയ്യുന്ന ഒരു വ്യക്തി ജീവിതത്തിൽ അനുഷ്ഠിക്കേണ്ട ഒരു ഉത്പാദന-ഉപഭോഗരീതിയുണ്ട്. അത് ഒരിക്കലും നിലനിൽക്കുന്ന ഉപഭോഗ സംസ്കാരത്തിന്റെ രീതിയല്ല. അതുകൊണ്ടുതന്നെ അതിനെ നിരന്തരം പ്രതിരോധിച്ചുകൊണ്ടുതന്നെയാണ് സമിതി ജൈവകൃഷിയെ ഒരു ജീവിതക്രമമായി മുന്നോട്ടുവയ്ക്കുന്നത്.

**സംഘടനയുടെ വളർച്ച, പ്രാദേശിക യൂണിറ്റുകളുടെ വ്യാപനം സമിതിയുടെ ഭാഗമായ ജൈവ കർഷകർക്ക് എത്രത്തോളം ഗുണകരമായിട്ടുണ്ട്? സുസ്ഥിരമായ ഒരു വിപണി കണ്ടെത്തുന്നതിനും വരുമാനമാർഗ്ഗം ഉറപ്പാക്കുന്നതിനും ഇത് സഹായകമായിട്ടുണ്ടോ?**

2010ന് ശേഷം കേരളത്തിൽ വലിയരീതിയിൽ നാട്ടുചന്തകൾ സജീവമായി തുടങ്ങിയിട്ടുണ്ടല്ലോ. ജൈവരീതിയിൽ കൃഷി ചെയ്ത നാടൻ കാർഷിക വിഭവങ്ങൾ വിൽക്കുന്ന ചന്തകൾ കേരളത്തിൽ പല സ്ഥലങ്ങളിലും കാണാൻ കഴിയും. ഇതൊന്നും ജൈവകർഷക സമിതി നേരിട്ട് ചെയ്യുന്നതല്ല. എന്നാൽ കഴിഞ്ഞ 20 വർഷമായി സമിതി നടത്തുന്ന ആശയപ്രചരണത്തിന്റെ പ്രതിഫലനമാണ് ഈ ചന്തകൾ. ചന്തകൾ നിലനിൽക്കാൻ കാരണം ഉത്പന്നങ്ങൾക്ക് ആവശ്യക്കാരുണ്ട് എന്നതു കൂടിയാണ്. ഞാൻ താമസിക്കുന്ന പൊന്നാനിയിൽ 'നല്ല ഭക്ഷണ പ്രസ്ഥാനം' എന്ന ഒരു കൂട്ടായ്മ ഉണ്ട്. അവർ സ്ഥിരമായി ആഴ്ചച്ചന്ത നടത്തുമായിരുന്നു. ആവശ്യക്കാരുടെ എണ്ണം കൂടിയതുകൊണ്ട് ഇപ്പോൾ അതൊരു ദിവച്ചന്തയാണ്. ഇടനിലക്കാരില്ല എന്നതുകൊണ്ട് കർഷകർക്ക് നല്ല വില കിട്ടുന്നുമുണ്ട്. പലരുടെയും മുൻകൈയിൽ കേരളത്തിലെമ്പാടും ഇത്തരം ജൈവ ചന്തകൾ നടക്കുന്നുണ്ട്. സമിതിയും നേരിട്ട് ചിലയിടങ്ങളിൽ ചന്ത നടത്തുന്നുണ്ട്. എറണാകുളം ജില്ലയിലെ പറവൂരിൽ സമിതിയുടെ ചന്തയുണ്ട്. മലപ്പുറം ജില്ലയിലെ പുറത്തൂരിലും കോട്ടയത്തും ചന്ത ആരംഭിക്കാൻ പോവുകയാണ്. എല്ലാ താലൂക്കുകളിലും



വി. അശോക് കുമാർ സംസ്ഥാന സംഗമത്തിൽ സംസാരിക്കുന്നു

നാട്ടുചന്ത ആരംഭിക്കുക എന്നതാണ് സമിതിയുടെ ഒരു പ്രധാന ഭാവി പരിപാടി. കഴിഞ്ഞ മൂന്ന് വർഷമായി സമിതി മുടങ്ങാതെ ജൈവ ഓണച്ചന്ത സംഘടിപ്പിക്കുന്നുണ്ട്. നാട്ടരിയുടെ ആരോഗ്യപരമായ പ്രാധാന്യത്തെക്കുറിച്ച് സമിതി നല്ല പ്രചാരണം കൊടുത്തതുകൊണ്ട് തന്നെ നാട്ടരിക്ക് ഇപ്പോൾ ധാരാളം ആവശ്യക്കാരുണ്ട്. കുറച്ച് വർഷങ്ങൾക്ക് മുമ്പ് കേരളത്തിൽ വലിയ വില നൽകി ജൈവ അരി വാങ്ങാൻ ആളുകൾ കുറവായിരുന്നു. ഇന്ന് ആ സ്ഥിതി മാറി. ആരോഗ്യ കാര്യങ്ങൾ പരിഗണിച്ച് ആളുകൾ നല്ല അരി വിലകൊടുത്ത് വാങ്ങാൻ ഇന്ന് സന്നദ്ധമാണ്. അത്തരത്തിലുള്ള ഒരു കാഴ്ച്ചപ്പാട് രൂപപ്പെടുത്തിയെടുക്കുന്നതിൽ ജൈവകർഷക സമിതി വലിയ പങ്കുവഹിച്ചിട്ടുണ്ട്. കർഷകർക്ക് സുസ്ഥിരമായ വിപണി കണ്ടെത്തുന്നതിൽ ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്. അതിനുള്ള നെറ്റ്വർക്ക് രൂപ്പപെടുത്തിക്കൊണ്ടിരിക്കുയാണ്. സമിതിയിൽ അംഗങ്ങളായ കർഷകരുടെ ഉത്പന്നങ്ങളുടെ ഒരു രജിസ്റ്റർ ഞങ്ങൾ വൈകാതെ തയ്യാറുക്കുന്നുണ്ട്. കേരളത്തിൽ ജീവിതനിലവാരം വളരെ ഉയർന്ന് നിൽക്കുന്നതിനാൽ ചെറുകിട കർഷകരെ സംബന്ധിച്ച് പൂർണ്ണമായും മാത്രം ആശ്രയിച്ച് ജീവിക്കുക പ്രയാസമാണ്. എന്നാലും സുസ്ഥിരമായ ഒരു വിപണി കണ്ടെത്താൻ കഴിഞ്ഞാൽ അത് ചെറുകിടക്കാർക്ക് ഒരു ആശ്വാസമാകും. തീർച്ചയായും സമിതി അതിന്റെ എല്ലാ സാധ്യതകളും ഉപയോഗിച്ച് അതിനായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

**ഓർഗാനിക് ഫാമിംഗ് അസോസിയേഷൻ ഓഫ് ഇന്ത്യ (OFAI) എന്ന പേരിൽ ദേശീയതലത്തിൽ ജൈവകർഷകരുടെ കൂട്ടായ്മ ഉണ്ടല്ലോ. ജൈവകർഷക സമിതി OFAI യുമായി എങ്ങനെയാണ് ബന്ധപ്പെട്ടിരിക്കുന്നത്? ദേശീയതലത്തിലുള്ള കൂട്ടായ്മ ഈ മേഖലയിൽ എന്തെല്ലാം സാധ്യകളാണ് തുറന്നിടുന്നത്?**

OFAI ക്ലോഡ് അൽവാരിസിന്റെയെല്ലം നേതൃത്വത്തിൽ വളരെ നേരത്തെ ഉള്ള സംഘടനയാണ്. എന്നാൽ മുമ്പ് കേരള ജൈവകർഷക സമിതിയുടെ കാര്യം പറഞ്ഞതുപോലെ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഒഫായിയുടെ പ്രവർത്തനങ്ങളിലും കാര്യമായ ചില മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. കേരളത്തിൽ ഉള്ളതുപോലെ ഒരു ജനാധിപത്യ സംഘടനാ സംവിധാനം എല്ലാ സംസ്ഥാനങ്ങളിലും ജൈവകർഷക സമിതികൾക്ക് വേണമെന്ന് ഇപ്പോൾ ഒഫായ് നിർദ്ദേശിക്കുന്നുണ്ട്. കേരള ജൈവകർഷ സമിതിയുടെ മുൻ സെക്രട്ടറി ആയിരുന്ന കെ.പി. ഇല്യാസ് ആണ് ഇപ്പോൾ ഒഫായ് പ്രസിഡന്റ്. ഇല്യാസ് ഓഫായ് നേതൃത്വത്തിലേക്ക് വന്നതോടെ കേരളത്തിലെ പ്രവർത്തന മാതൃക ദേശീയതലത്തിലേക്കും വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അംഗത്വവും ഭരണഘടനയും പ്രവർത്തനരീതിയും ഉള്ള ഒരു ജനാധിപത്യ സംഘടനയായി പല സംസ്ഥാനങ്ങളും ജൈവകർഷക സമിതികൾ മാറി. സംസ്ഥാനങ്ങളിലെ അത്തരം ജൈവകർഷക സമിതികളുടെ ഒരു ഫെഡറേഷനാണ് ഒഫായ്. കൂടുതൽ സംസ്ഥാനങ്ങളിൽ നിന്നുള്ള സംഘടനകളെ ഒഫായ്ലേക്ക് കൊണ്ടുവരാനുള്ള പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്. 2019 നവംബർ 29, 30 തീയതികളിൽ ഉദയ്പൂരിൽ വച്ച് നടന്ന കഴിഞ്ഞ ദേശീയ സമ്മേളനത്തിൽ ഒഫായ്‌യുടെ വളർച്ച ശരിക്കും അനുഭവപ്പെട്ടു. മൂവായിരത്തോളം ജൈവകർഷകരാണ് സമ്മേളനത്തിൽ പങ്കെടുത്തത്. കേരളത്തിൽ നിന്നും സമിതി 120 കർഷകരെ പങ്കെടുപ്പിച്ചു. നമ്മുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനുമുള്ള സ്റ്റാളുകൾ അവിടെ ലഭിച്ചു. ഇന്ത്യ പോലെയൊരു രാജ്യത്ത് ദേശീയതലത്തിൽ ഇത്തരം ഒരു കൂട്ടായ്മ രൂപപ്പെടുക എന്നത് വളരെ പ്രധാനമാണ്. കർഷകർ ദിവസവും ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്ന ഒരു നാടാണ് ഇപ്പോഴും ഇന്ത്യ. അങ്ങനെയൊരു നാട്ടിൽ നിർമ്മാണാത്മകമായ ഒരു ബദൽ മുന്നോട്ടുവയ്ക്കാൻ ഒഫായ് പോലെയുള്ള കൂട്ടായ്മകൾക്ക് കഴിയും.

**ആഗോളതലത്തിലും ജൈവകൃഷിയുമായി ബന്ധപ്പെട്ട് സംഘടിതമായ ഇടപെടലുകൾ ശക്തിപ്പെടുന്നുണ്ടല്ലോ. മാഷ് അത്തരത്തിലുള്ള ഒരു സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി ദക്ഷിണ കൊറിയയിൽ പോയതായി കേട്ടിരുന്നു. എന്താണ് ആഗോള സാധ്യതകൾ?**

ആഗോളതലത്തിലും ഐക്യപ്പെടലുകൾ ഉണ്ടാകുന്നുണ്ട്. ഒഫായ് തന്നെ international federation of organic agriculture movements (IFOAM) എന്ന അന്താരാഷ്ട്ര സംഘടനയിലെ ഒരു അംഗമാണ്. ജൈവകൃഷിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരെയും ഒരുമിപ്പിക്കുന്ന ഒരു സംഘടനയാണ് IFOAM എന്നത്. കർഷകർ മാത്രമല്ല, വ്യാപാരികളും നയരൂപീകരണ വിദഗ്ധരും എല്ലാം അതിലുണ്ട്.

IFOAM ന്റെ ഒരു സമ്മേളനം 2017ൽ ദില്ലിയിൽ വച്ച് നടന്നിരുന്നു. അതിൽ ജൈവകർഷക സമിതിയും ഒരു പ്രതിനിധിയായി പങ്കെടുത്തു. എൻ.ജി.ഒ രീതിയിലുള്ള ഒരു സംഘടനാ സംവിധാനമാണ് IFOAM ന്റേത്. അതിന്റേതായ പരിമിതികൾ ആ പ്രസ്ഥാനത്തിനുണ്ട്. ഭാവിയിൽ അതിന് മാറ്റമുണ്ടായേക്കാം. International organic farming association (INOFA) എന്ന പേരിൽ കർഷകരുടേത് മാത്രമായ ഒരു കൂട്ടായ്മയും IFOAM ന്റെ ഭാഗമായുണ്ട്. IFOAM ന്റെ ദക്ഷിണ കൊറിയയിൽ വച്ച് നടന്ന ഒരു സമ്മേളനത്തിൽ കഴിഞ്ഞവർഷം ഞാൻ പങ്കെടുക്കുകയുണ്ടായി. കേരള ജൈവകർഷക സമിതിയെ പ്രതിനിധീകരിച്ചാണ് പങ്കെടുത്തത്. 'ഏഷ്യൻ ലോക്കൽ ഗവൺമെന്റ്സ് ഫോർ ഓർഗാനിക് അഗ്രിക്കൾച്ചർ' എന്നതായിരുന്നു സമ്മേളനത്തിന്റെ വിഷയം. അത് വലിയൊരു അനുഭവമായിരുന്നു. ആഗോളതലത്തിൽ ജൈവകൃഷിയുമായി ബന്ധപ്പെട്ട് നടക്കുന്ന പരീക്ഷണങ്ങളെക്കുറിച്ച് അറിയുന്നതിന് ആ സമ്മേളനം ഉപകാരപ്പെട്ടു. ജനങ്ങൾക്ക് വിഷരഹിതമായ നല്ല ഭക്ഷണം കൊടുക്കുക എന്ന ചിന്ത വികസിത രാജ്യങ്ങൾക്കിടയിൽ ഇന്ന് വ്യാപകമാണ്. അത് ഒരു ട്രെൻഡ് ആയി മാറിയിരിക്കുകയാണ്. അത് വലിയതരത്തിലുള്ള ഒരു വർഗ്ഗ വിഭജനം ഇവിടെ സൃഷ്ടിച്ചിട്ടുണ്ട്. പണമുള്ളവന് ജൈവഭക്ഷണവും, പണമില്ലാത്തവന് വിഷ ഭക്ഷണവും എന്ന വിഭജനം. സമ്പന്നർ ജൈവ ഭക്ഷണത്തിലേക്ക് വ്യാപകമായി തിരിയുന്നുണ്ട് എന്നതാണ് ഒരു ആഗോള ട്രെൻഡ്. എന്നാൽ അവർക്ക് വേണ്ടി ജൈവ ഭക്ഷണം ഒരുക്കുകയും ഈ നാട്ടിൽ താമസിക്കുന്നവർക്ക് വിഷം കൊടുക്കുകയും ചെയ്യുക എന്നത് സമിതിയുടെ നിലപാടല്ല. ലോകത്ത് ഇന്ന് ഏറ്റവും കൂടുതൽ ജൈവ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന രാജ്യം ഇന്ത്യയാണ്. ലോക വിപണിയിലേക്ക് എത്തുന്ന ജൈവ ഉത്പന്നങ്ങളിൽ 30 ശതമാനം ഇന്ത്യയിൽ നിന്നാണ് എന്ന് ആഗോള ഏജൻസികൾ സാക്ഷ്യപ്പെടുത്തുന്നു. പക്ഷെ ഇതെല്ലാം വികസിത രാജ്യങ്ങളിലെ സമ്പന്നരിലേക്കാണ് എത്തിച്ചേരുന്നത്. ആദ്യം ആഭ്യന്തര വിപണിയെ ശക്തിപ്പെടുത്തിയ ശേഷം പിന്നീട് ആഗോള വിപണിയെക്കുറിച്ച് ചിന്തിക്കൂ. ജൈവകൃഷി വ്യാവസായിക അടിസ്ഥാനത്തിൽ ചെയ്യുക എന്നതല്ല അതിന് പരിഹാരം. ഈ കാഴ്ച്ചപ്പാടിനെ ആഗോളതലത്തിൽ എത്തിക്കുന്നതിന് IFOAM ന്റെ വേദികളെ ജൈവ കർഷക സമിതി ഉപയോഗിച്ചിട്ടുണ്ട്.

**സമിതിയുടെ പ്രവർത്തനങ്ങൾക്ക് അടിത്തറയിടുന്ന ഒരു മാർഗ്ഗദർശിയായാണ് 'ഒരേ ഭൂമി ഒരേ ജീവൻ' മാസിക എല്ലാക്കാലത്തും നിലനിന്നിട്ടുള്ളത്? മാസികയുടെ എഡിറ്റർ എന്ന ചുമതല കൂടി മാഷ് നിർവഹിച്ചിട്ടുണ്ടല്ലോ. എങ്ങനെയാണ് മാസികയുടെ പ്രവർത്തനങ്ങളെ നോക്കിക്കാണുന്നത്?**

92 മുതൽ പ്രസിദ്ധീകരിക്കുന്ന 'ഒരേ ഭൂമി ഒരേ ജീവൻ' മാസിക പരിശോധിച്ചാൽ ജൈവകർഷക സമിതിയുടെ അടിത്തറയെ ശക്തിപ്പെടുത്തിയ ആശയങ്ങളെയെല്ലാം അതിൽ പരിചയപ്പെടാൻ കഴിയും. സംഘടനാ സംവിധാനം ശക്തമല്ലാതിരുന്ന കാലത്തും ആശയങ്ങൾ കത്തിജ്വലിച്ചുതന്നെ നിന്നിരുന്നു. മാസികയുടെ എഡിറ്റർമാരായിരുന്ന ജോൺസിയും ശിവപ്രസാദും അച്യുതവാര്യരും എല്ലാം ആശയങ്ങളെ വ്യക്തമായി എഴുതിഫലിപ്പിക്കാൻ അറിയുന്നവർ ആയിരുന്നു. ഇപ്പോൾ പ്രസിദ്ധീകരണത്തിൽ വരുന്ന എഴുത്തുകൾ അധികവും അപ്ലൈഡ് ലിറ്ററേച്ചർ എന്ന് വിളിക്കാവുന്നതരത്തിലുള്ള എഴുത്തുകളാണ്. അത് പാചകക്കുറിപ്പ് പോലെയാണ്. വായിച്ചാൽ മാത്രം പോരാ, അടുക്കളയിൽ കയറി പരീക്ഷിച്ചു നോക്കുകയും വേണം. അതുപോലെ ജൈവകൃഷിയുടെയും ആരോഗ്യത്തിന്റെയും മേഖലകളിൽ പരീക്ഷിച്ചുനോക്കേണ്ട കാര്യങ്ങളെക്കുറിച്ചാണ് 'ഒരേ ഭൂമി ഒരേ ജീവൻ' പറയുന്നത്. സാഹിത്യത്തിന് വലിയ സ്വീകാര്യത ലഭിക്കുന്ന ഒരു വായനാലോകമാണ് കേരളത്തിന്റേത്. അപ്ലൈഡ് ലിറ്ററേച്ചർ പോലെയുള്ള രചനകൾക്ക് ഇവിടെ സ്വാധീനം കുറവാണ്. അപ്ലൈഡ് ലിറ്ററേച്ചർ ഇവിടെയുണ്ട്. പക്ഷെ അത് വനിത പോലെയുള്ള മാസികകളിലാണ് വരുന്നത്. അത് വായിച്ചിട്ട് ആളുകൾ തെരഞ്ഞെടുക്കുന്ന ജീവതശൈലി വളരെ പ്രതിലോമകരമായ ഒന്നാണ്. ഉപഭോഗ സംസ്കാരത്തെ ശക്തിപ്പെടുത്തുന്ന ഒരു പ്രയുക്ത സാഹിത്യമാണ് ഇവിടെ നിലനിൽക്കുന്നത്. 'ഒരേ ഭൂമി ഒരേ ജീവൻ' ആ ചിന്തയ്ക്ക് ബദലായിട്ടുള്ള ഒരു പ്രയുക്ത സാഹിത്യമാണ് അവതരിപ്പിക്കുന്നത്. 'ഒറ്റവൈക്കോൽ വിപ്ലവം' മലയാളത്തിൽ പ്രസിദ്ധീകരിച്ചത് പോലും ആ ബദൽ ചിന്തയെ ശക്തിപ്പെടുത്താനാണ്. 'ഒറ്റവൈക്കോൽ വിപ്ലവം' മുന്നോട്ടുവച്ച സിദ്ധാന്തത്തെ കുറേപ്പേർ പ്രയോഗത്തിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചു. പ്രയോഗത്തിലേക്ക് കൊണ്ടുവരാൻ വേണ്ടിയുള്ള അപ്ലൈഡ് എഴുത്തുകളുടെ ശക്തി അതാണ്. ഞാൻ എഡിറ്ററായി എത്തിയ ശേഷവും ഇത്തരം പ്രയുക്ത സാഹിത്യത്തിനാണ് മാസികയിൽ മുൻതൂക്കം കൊടുക്കുന്നത്. ഒപ്പം വിദേശത്ത് നിന്നുള്ള പല എഴുത്തുകാരുടെയും ഈ മേഖലയിലുള്ള പ്രധാന രചനകൾ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കാറുണ്ട്. ജൈവകർഷകർക്കിടയിൽ മാസിക നല്ലരീതിയിൽ വായിക്കപ്പെടുന്നുമുണ്ട്. ■

**കേരളീയം വരിസംഖ്യ അയയ്ക്കുമല്ലോ...**

വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ.
കൂട്ടായ്മ അംഗത്വം : 15,000 രൂപ.
ആജീവനാന്ത വരിസംഖ്യ : 10,000 രൂപ.
*ബന്ധങ്ങൾക്ക് :*
കേരളീയം, കൊക്കാലെ, തൃശൂർ-680021
ഫോൺ : 0487 2421385, 9446586943